പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *275** — **18.02.2013 ൽ മറുപടിയ്ക്ക്**

## കടാശ്വാസകമ്മീഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. ബി.ഡി.ദേവസ്സി | ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കടബാധ്യതകളിൽ നിന്ന് കർഷകരെ രക്ഷിക്കാൻ മുൻ സർക്കാർ രൂപം കൊടുത്ത കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ നിശ്ചലമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കടാശ്വാസ കമ്മീഷൻ നിശ്ചലാവസ്ഥയിലല്ല. 2007 ൽ രൂപീകരിച്ച കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി 18.03.12 ൽ അവസാനിച്ചതിനെത്തുടർന്ന് 19.05.12 ലെ ജി.ഒ(പി) നം.210/2012/RD നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.ആർ. ഉദയഭാനു ചെയർമാനായി സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുനഃസംഘടിപ്പിക്കുകയും 07.06.12 ലെ ജി.ഒ.(പി.) നം.236/2012/RD പ്രകാരം കമ്മീഷൻ അംഗങ്ങളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ കമ്മീഷൻ 8 മാസം കൊണ്ട് 42,848 അപേക്ഷകളിൽ തീരുമാനമെടുക്കുകയും 12.95 കോടി രൂപയുടെ കടാശ്വാസം അനുവദിക്കുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്യുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കടാശ്വാസ തുക അനുവദിച്ച് വരികയും ചെയ്യുന്നുണ്ട്. |
| (ബി) കടാശ്വാസ കമ്മീഷൻ മുമ്പാകെ കെട്ടിക്കിടക്കുന്ന അപേക്ഷകൾ സംബന്ധിച്ച് വിശദമാക്കാമോ; ഇതിൽ ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങൾ നല്കിയ അപേക്ഷകൾ എത്ര; | (ബി) കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദിഷ്ട തീയതിയായ 31.05.2009 നകം ലഭിച്ച 4,10,549 അപേക്ഷകളിൽ 3,11,552 അപേക്ഷകൾ ഇതിനകം തീർപ്പാക്കുകയും ശേഷിക്കുന്ന 98,997 അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ച് വരികയും ചെയ്യുന്നു. ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങൾ നല്കിയ അപേക്ഷകളുടെ എണ്ണത്തിന്റെ കണക്ക് പ്രത്യേകമായി കമ്മീഷൻ എടുത്തിട്ടില്ല. |
| (സി) കർഷകർക്ക് കടാശ്വാസ കമ്മീഷൻ വഴി നല്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ; ഇതിനായി എത്ര കോടി രൂപ അനുവദിക്കുകയുണ്ടായി ? | (സി) കേരള കർഷക കടാശ്വാസ കമ്മീഷൻ നിയമം നിലവിൽ വന്ന 18.01.2007 നോ അതിനുമുമ്പോ കർഷകൻ സഹകരണ സംഘത്തിനോ ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾക്കോ നല്കാനുള്ള കടങ്ങൾക്ക് കമ്മീഷൻ |

മുഖേന കടാശ്വാസം അനുവദിക്കുന്നതാണ്. എന്നാൽ കർഷകൻ തന്റെ വരുമാന വർദ്ധനവി നായി കാർഷികാനുബന്ധ വാണിജ്യാവശ്യങ്ങൾ ക്കൊഴികെയുള്ള വാണിജ്യാവശ്യങ്ങൾക്കോ ആഡംബരത്തിനോ വേണ്ടി എടുത്തിട്ടുള്ള വായ്പകൾ കടാശ്വാസത്തിനായി കമ്മീഷൻ പരിഗണിക്കുന്നില്ല.

എന്നാൽ വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള കടങ്ങളും കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

കമ്മീഷൻ മുഖേന ഒത്തുതീർപ്പിലെത്തി ച്ചേർന്ന കടത്തുക അമ്പതിനായിരം രൂപയോ അതിൽ കുറവോ ആണെങ്കിൽ 75 ശതമാന ത്തിൽ അധികരിക്കാത്ത തുകയോ അമ്പതിനായിരം രൂപയിൽ കൂടുതലാണെങ്കിൽ 50 ശതമാനത്തിൽ അധികരിക്കാത്ത തുകയോ അല്ലെങ്കിൽ ഒരു ലക്ഷം രൂപയോ ഏതാണോ കുറവ് അതാണ് കടാശ്വാസമായി അനുവദി ക്കുന്നത്. കടാശ്വാസ കമ്മീഷന്റെ ശിപാർശ അനുസരിച്ച് നാളിതുവരെ 99.63 കോടി രൂപ കടാശ്വാസത്തിനായി സർക്കാർ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ